# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 24

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ഭദ്രാസനങ്ങളിൽ നിന്നും സഭാ കൗൺസിലിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്തുന്നത് ആസന്നമായിരിക്കുന്ന പശ്ചാത്തലത്തിൽ, നാമനിർദ്ദേശ പത്രികകളുടെ സമർപ്പണം സംബന്ധിച്ചും, വോട്ടുകൾ രേഖപ്പെടുത്തുന്നതു സംബന്ധിച്ചും താഴെ പറയുന്ന കാര്യങ്ങൾ ഇതിനാൽ അറിയിച്ചുകൊള്ളുന്നു:

1. ഭദ്രാസനത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ട കൗൺസിലംഗങ്ങളുടെ ആകെ സംഖ്യയിൽ കവിയാത്ത ആളുകളെ നാമനിർദ്ദേശം ചെയ്യുന്നതിന്, ഭദ്രാസനത്തിൽ നിന്നുള്ള എല്ലാ മണ്ഡലാംഗങ്ങൾക്കും, സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.
2. തെരഞ്ഞെടുക്കപ്പെടാവുന്ന എണ്ണത്തിൽ കൂടുതൽ ആളുകൾക്ക്, ഒരാൾ നിർദ്ദേശിതനോ, അനുവാദകനോ ആകുവാൻ പാടില്ലാ. ഈ തത്വത്തിന് വിരുദ്ധമായി, സമർപ്പിക്കപ്പെടുന്ന എല്ലാ നാമനിർദ്ദേശ പത്രികകളും, അസാധുവായിരിക്കുന്നതാകുന്നു.
3. ഭദ്രാസനത്തിനനുവദിച്ചിട്ടുള്ള കൗൺസിൽ അംഗങ്ങളുടെ ആകെ അംഗസംഖ്യയിൽ കൂടുതൽ വോട്ടുകൾ, ബാലറ്റ് പേപ്പറിൽ രേഖപ്പെടുത്തുവാൻ പാടില്ലാ. ബാലറ്റ് പേപ്പറിൽ വോട്ടു് രേഖപ്പെടുത്തുന്നതല്ലാതെ ഇതര അടയാളങ്ങൾ ഒന്നും രേഖപ്പെടുത്തുവാൻ പാടില്ല. അങ്ങനെ ചെയ്യുന്നതിനിടയായാൽ, ആ ബാലറ്റ് മുഴുവനായി അസാധുവാകുന്നതാണ്.

പ്രീയരെ, നമ്മുടെ ഭരണഘടനയ്ക്കു വിധേയമായി തെരഞ്ഞെടുപ്പുകൾ എല്ലാം ഭംഗിയായി നടക്കുന്നതിന് മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കുമല്ലോ. നമ്മുടെ തെരഞ്ഞെടുപ്പുകൾ ദൈവനാമമഹത്വത്തിനും സഭയുടെ വളർച്ചയ്ക്കുമായിത്തീരുന്നതിന് എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2008 ജൂലൈ 1–ാം തീയതി,

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ.